# മൂപ്പന്മാർക്കും ഉത്തരവാദിത്തമുള്ളവർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

2025 ഏപ്രിൽ

## പൊതുവിഷയം:
## ഒരുമനസ്സും പ്രവൃത്തികളുടെ പുസ്തകത്തിന്റെ നിർണായക വശങ്ങളും

ദൂത് എട്ട്

### ദിവ്യ ത്രിത്വവും ദൈവരാജ്യവും

RK *Hymns*: ML60, ML610

തിരുവെഴുത്ത് വായന: പ്രവൃ. 1:3; 2:32-36; 8:12; 14:22; 16:6-7; 20:28; 28:23, 31

പ്രവൃ. 1:3 താൻ കഷ്ടം അനുഭവിച്ചതിനുശേഷം, നാൽപതു നാളോളം അവർക്ക് പ്രത്യക്ഷപ്പെട്ടും ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ സംസാരിച്ചും കൊണ്ട്, നിരവധി അനിഷേധ്യ തെളിവുകളാൽ അവനെത്തന്നെ ജീവനോടെ അവർക്ക് പ്രദർശിപ്പിച്ചു.

പ്രവൃ. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

പ്രവൃ. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

പ്രവൃ. 2:34 ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല, എന്നാൽ അവൻ പറയുന്നു,

പ്രവൃ. 2:35 "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്ക് പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു."

പ്രവൃ. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

പ്രവൃ. 8:12 എന്നാൽ ദൈവരാജ്യത്തിന്റെയും യേശു ക്രിസ്തുവിന്റെ നാമത്തിന്റെയും സുവിശേഷം അറിയിച്ച ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും, സ്നാനപ്പെട്ടു.

പ്രവൃ. 14:22 വിശ്വാസത്തിൽ തുടരുവാൻ പ്രബോധിപ്പിച്ചും അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്നും പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിച്ചുപോന്നു.

പ്രവൃ. 16:6 പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ

വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി.

പ്രവൃ. 16:7 അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല.

പ്രവൃ. 20:28 നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

പ്രവൃ. 28:23 അവർ അവനുവേണ്ടി ഒരു ദിവസം നിശ്ചയിച്ചപ്പോൾ, അനേകർ അവന്റെ താമസസ്ഥലത്ത് അവന്റെ അടുക്കൽ വന്ന്, അവരോട് അവൻ രാവിലെ മുതൽ വൈകുന്നേരം വരെ, ദൈവരാജ്യത്തെക്കുറിച്ച് ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുകയും, മോശെയുടെ ന്യായപ്രമാണത്തിൽനിന്നും പ്രവാചകന്മാരിൽനിന്നും യേശുവിനെ സംബന്ധിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഈ വിഷയങ്ങളെ വിശദീകരിച്ചു കൊടുത്തു.

പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

I. **മുഴുവൻ പുതിയനിയമത്തിന്റെയും അടിസ്ഥാനഘടന ദിവ്യ ത്രിത്വം ആയതുപോലെ, പ്രവൃത്തികളുടെ പുസ്തകത്തിന്റെ ഘടനയും ദിവ്യ ത്രിത്വമാണ്; പ്രവൃത്തികളുടെ ഓരോ അധ്യായവും ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള ദിവ്യത്രിത്വത്തിന്റെ പ്രവർത്തനത്തെ അനാവരണം ചെയ്യുന്നു—ഉദാ: 1:1-2, 4-5, 8, 11, 21; 2:4, 17-18, 21-24, 27, 31-33, 36, 38; 13:2, 4, 7, 9-10, 12, 16, 23, 30, 33-39, 49-50, 52; 28:15, 23, 25, 31:**

പ്രവൃ. 1:1 തെയോഫിലൊസേ, യേശു ചെയ്യുവാനും ഉപദേശിക്കുവാനും തുടങ്ങി,

പ്രവൃ. 1:2 താൻ തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്ക് അവൻ പരിശുദ്ധാത്മാവിലൂടെ കൽപന നൽകിയ ശേഷം, മുകളിലേക്ക് എടുക്കപ്പെട്ട നാൾവരെയുള്ള സകല കാര്യങ്ങളെയും സംബന്ധിച്ച് ഞാൻ മുമ്പേ നടത്തിയ വിവരണം;

പ്രവൃ. 1:4 അവൻ അവരോടൊപ്പം ഒന്നിച്ചു കൂടിവന്നപ്പോൾ, നിങ്ങൾ യെരൂശലേം വിട്ടുപോകാതെ, എന്നിൽനിന്ന് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം എന്ന് അവരോട് ആജ്ഞാപിച്ചു;

പ്രവൃ. 1:5 എന്തെന്നാൽ യോഹന്നാൻ വെള്ളത്താൽ സ്നാനപ്പെടുത്തി, എന്നാൽ ഇനി അധിക നാൾ കഴിയും മുമ്പേ നിങ്ങൾ പരിശുദ്ധാത്മാവിൽ സ്നാനപ്പെടും.

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 1:11 ഗലീലാപുരുഷന്മാരേ, നിങ്ങൾ സ്വർഗത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളിൽനിന്ന് സ്വർഗത്തിലേക്ക്

എടുക്കപ്പെട്ട ഈ യേശു സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ, കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും എന്ന് പറഞ്ഞു.

പ്രവൃ. 1:21 അതുകൊണ്ട് യോഹന്നാന്റെ സ്നാനം മുതൽ ആരംഭിച്ച് നമ്മിൽനിന്ന് അവൻ എടുക്കപ്പെട്ട നാൾവരെ, നമ്മുടെ ഇടയിൽ കർത്താവായ യേശു വരുകയും പോകുകയും ചെയ്ത എല്ലാ സമയത്തും,

പ്രവൃ. 2:4 അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും, ആത്മാവ് അവർക്ക് സംസാരിക്കുവാൻ നൽകിയതുപോലെ, വ്യത്യസ്ത ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു.

പ്രവൃ. 2:17 "ദൈവം അരുളിച്ചെയ്യുന്നു, അവസാന നാളുകളിൽ ഇതൊക്കെയും സംഭവിക്കും, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ ഒഴിക്കും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കുകയും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ കാണുകയും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണുകയും ചെയ്യും;

പ്രവൃ. 2:18 ആ നാളുകളിൽ ഞാൻ തീർച്ചയായും പുരുഷന്മാരും സ്ത്രീകളുമായ എന്റെ അടിമകളുടെ മേൽ എന്റെ ആത്മാവിനെ ഒഴിക്കുകയും, അവർ പ്രവചിക്കുകയും ചെയ്യും.

പ്രവൃ. 2:21 കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

പ്രവൃ. 2:22 യിസ്രായേൽ പുരുഷന്മാരേ, ഈ വാക്കുകൾ കേൾക്കുവിൻ: നിങ്ങൾ അറിയുന്നതുപോലെ, ദൈവം അവനിലൂടെ നിങ്ങളുടെ മദ്ധ്യേ ചെയ്ത, വീര്യ പ്രവൃത്തികളാലും അത്ഭുതങ്ങളാലും അടയാളങ്ങളാലും അംഗീകരിക്കപ്പെടുവാനായി, ദൈവത്താൽ നിങ്ങൾക്കു കാണിച്ചുതന്നിരിക്കുന്ന മനുഷ്യനായ, നസറായനായ യേശുവിനെ,

പ്രവൃ. 2:23 ദൈവത്തിന്റെ നിശ്ചയിക്കപ്പെട്ട ആലോചനയാലും മുന്നറിവിനാലും ഏൽപ്പിച്ച ശേഷം, നിങ്ങൾ അധർമികളുടെ കയ്യാൽ, ക്രൂശിൽ തറച്ചു കൊന്നു;

പ്രവൃ. 2:24 മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ അസാധ്യമായിരുന്നതിനാൽ, മരണയാതനകൾ അഴിച്ചുകൊണ്ട് ദൈവം അവനെ ഉയിർപ്പിച്ചു.

പ്രവൃ. 2:27 എന്തുകൊണ്ടെന്നാൽ നീ എന്റെ ദേഹിയെ പാതാളത്തിൽ ഉപേക്ഷിക്കുകയില്ല, നിന്റെ പരിശുദ്ധനെ ദ്രവത്വം കാണുവാൻ അനുവദിക്കുകയും ഇല്ല.

പ്രവൃ. 2:31 അവനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതും ഇല്ല എന്ന് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച്, അത് മുൻകൂട്ടി കണ്ടിട്ട് അവൻ സംസാരിച്ചു.

പ്രവൃ. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

പ്രവൃ. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

പ്രവൃ. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

പ്രവൃ. 2:38 പത്രൊസ് അവരോടു പറഞ്ഞു, മാനസാന്തരപ്പെടുകയും നിങ്ങളുടെ പാപങ്ങളുടെ ക്ഷമയ്ക്കായി ഓരോരുത്തനും യേശു ക്രിസ്തുവിന്റെ, നാമത്തിന്മേൽ സ്നാനപ്പെടുകയും ചെയ്യുവിൻ, നിങ്ങൾക്ക് പരിശുദ്ധാത്മാവ് എന്ന ഉപഹാരം ലഭിക്കും.

പ്രവൃ. 13:2 അവർ കർത്താവിന് ശുശ്രൂഷിക്കുകയും ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.

പ്രവൃ. 13:4 പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടിട്ട്, അവർ സെലൂക്യയിലേക്ക് ഇറങ്ങിപ്പോയി; അവിടെനിന്ന് അവർ കുപ്രൊസിലേക്ക് കപ്പൽ കയറി.

പ്രവൃ. 13:7 അവൻ ദേശാധിപതിയായ, സെർഗ്ഗ്യൊസ് പൗലൊസ് എന്ന ബുദ്ധിമാനായ മനുഷ്യന്റെ കൂടെ ആയിരുന്നു; ഇവൻ ബർന്നബാസിനെയും ശൗലിനെയും അടുക്കൽ വിളിച്ച് ദൈവവചനം കേൾക്കുവാൻ അന്വേഷിച്ചു.

പ്രവൃ. 13:9 എന്നാൽ പൗലൊസ് കൂടിയായ ശൗൽ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവനെ സൂക്ഷിച്ചു നോക്കിയിട്ട്,

പ്രവൃ. 13:10 പറഞ്ഞു, സകല വഞ്ചനയും സകല അനൈതികതയും നിറഞ്ഞവനേ, പിശാചിന്റെ മകനേ, സകല നീതിയുടെയും ശത്രുവേ, കർത്താവിന്റെ നേർവഴികളെ വികടമാക്കുന്നത് നീ നിർത്തുകയില്ലയോ?

പ്രവൃ. 13:12 സംഭവിച്ചത് ദേശാധിപതി കണ്ടിട്ട്, കർത്താവിന്റെ ഉപദേശത്തിൽ വിസ്മയിച്ച് വിശ്വസിച്ചു.

പ്രവൃ. 13:16 പൗലൊസ് എഴുന്നേറ്റ് തന്റെ കൈ കൊണ്ട് ആംഗ്യം കാട്ടി പറഞ്ഞു, യിസ്രയേൽ പുരുഷന്മാരേ, ദൈവത്തെ ഭയപ്പെടുന്നവരേ, കേൾക്കുവിൻ.

പ്രവൃ. 13:23 ഇവന്റെ സന്തതിയിൽനിന്ന്, ദൈവം, വാഗ്ദത്തപ്രകാരം, യേശു എന്ന രക്ഷകനെ യിസ്രായേലിന് കൊണ്ടുവന്നു,

പ്രവൃ. 13:30 എന്നാൽ ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു.

പ്രവൃ. 13:33 “നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു” എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

പ്രവൃ. 13:34 ഇനിമേൽ ദ്രവത്വത്തിലേക്കു മടങ്ങാതെ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിൽ, അവൻ ഇപ്രകാരം അരുളിച്ചെയ്തു, “ഞാൻ ദാവീദിന്റെ, വിശുദ്ധമായവയെ, വിശ്വസ്തമായവയെത്തന്നെ, നിങ്ങൾക്കു നൽകും.”

പ്രവൃ. 13:35 അതുകൊണ്ട് “നിന്റെ വിശുദ്ധനായവനെ നീ ദ്രവത്വം കാണുവാൻ അനുവദിക്കുകയില്ല” എന്ന് അവൻ വേറൊരിടത്തും പറയുന്നു.

പ്രവൃ. 13:36 ദാവീദ്, തന്റെ തലമുറയെ ദൈവത്തിന്റെ ആലോചനയാൽ സേവിച്ചിട്ട്, തീർച്ചയായും നിദ്ര പ്രാപിച്ച് തന്റെ പിതാക്കന്മാരോടുകൂടെ അടക്കപ്പെട്ട് ദ്രവത്വം കണ്ടു.

പ്രവൃ. 13:37 എന്നാൽ ദൈവം ഉയിർപ്പിച്ചവൻ ദ്രവത്വം കണ്ടില്ല.

പ്രവൃ. 13:38 അതുകൊണ്ട് പുരുഷന്മാരേ, സഹോദരന്മാരേ, ഇവനിലൂടെ നിങ്ങളോട് പാപങ്ങളുടെ ക്ഷമ അറിയിച്ചിരിക്കുന്നു;

പ്രവൃ. 13:39 മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്ക് നീതീകരിക്കപ്പെടുവാൻ കഴിയാത്ത സകല കാര്യങ്ങളിൽനിന്നും, ഇവനിൽ വിശ്വസിക്കുന്ന ഏവനും നീതീകരിക്കപ്പെടുന്നു എന്നും നിങ്ങൾ അറിഞ്ഞിരിക്കട്ടെ.

പ്രവൃ. 13:49 ആ പ്രദേശത്തിലുടനീളം കർത്താവിന്റെ വചനം വഹിക്കപ്പെട്ടു.

പ്രവൃ. 13:50 എന്നാൽ യെഹൂദന്മാർ ദൈവത്തെ ആരാധിക്കുന്ന ഔന്നത്യമുള്ള സ്ത്രീകളെയും പട്ടണത്തിലെ പ്രധാനികളെയും ഉത്തേജിപ്പിച്ച്, പൗലൊസിനും ബർന്നബാസിനും എതിരെ ഒരു ഉപദ്രവം അഴിച്ചുവിടുകയും അവരെ തങ്ങളുടെ അതിരുകളിൽനിന്ന് പുറത്താക്കുകയും ചെയ്തു.

പ്രവൃ. 13:52 ശിഷ്യന്മാരോ സന്തോഷത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു.

പ്രവൃ. 28:15 അവിടെനിന്ന് സഹോദരന്മാർ ഞങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ കേട്ടിട്ട്, ഞങ്ങളെ കണ്ടുമുട്ടുവാൻ അപ്യപുരം, ത്രിമണ്ഡപം എന്നിവിടങ്ങളിൽ നിന്നു വന്നു; പൗലൊസ് അവരെ കണ്ടപ്പോൾ ദൈവത്തിന് നന്ദി ചൊല്ലി ധൈര്യപ്പെട്ടു.

പ്രവൃ. 28:23 അവർ അവനുവേണ്ടി ഒരു ദിവസം നിശ്ചയിച്ചപ്പോൾ, അനേകർ അവന്റെ താമസസ്ഥലത്ത് അവന്റെ അടുക്കൽ വന്ന്, അവരോട് അവൻ രാവിലെ മുതൽ വൈകുന്നേരം വരെ, ദൈവരാജ്യത്തെക്കുറിച്ച് ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുകയും, മോശെയുടെ ന്യായപ്രമാണത്തിൽനിന്നും പ്രവാചകന്മാരിൽനിന്നും യേശുവിനെ സംബന്ധിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഈ വിഷയങ്ങളെ വിശദീകരിച്ചു കൊടുത്തു.

പ്രവൃ. 28:25 അവർ അന്യോന്യം വിയോജിച്ചപ്പോൾ, പിരിഞ്ഞുപോയി; പൗലൊസ് ഒരു വചനം അവരോടു പറഞ്ഞത്, പരിശുദ്ധാത്മാവ് യെശയ്യാ പ്രവാചകനിലൂടെ നിങ്ങളുടെ പിതാക്കന്മാരോട് നന്നായി സംസാരിച്ചിരിക്കുന്നു,

പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

A. ദൈവം ഏകനാണെന്ന വെളിപാട് നമ്മെ ഭരിക്കണം—സങ്കീ. 86:10; യെശ. 45:5; 1 കൊരി. 8:4:

സങ്കീ. 86:10 നീ വലിയവനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനുമല്ലോ; നീ മാത്രം ദൈവമാകുന്നു.

യെശ. 45:5 ഞാൻ യഹോവയാകുന്നു; മറ്റൊരുത്തനുമില്ല; ഞാനല്ലാതെ ഒരു ദൈവവുമില്ല; നീ എന്നെ അറിയാതെയിരിക്കെ ഞാൻ നിന്റെ അര മുറുക്കിയിരിക്കുന്നു.

1 കൊരി. 8:4 അതുകൊണ്ട് വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുന്നതിനെ സംബന്ധിച്ച്, വിഗ്രഹം ലോകത്തിൽ ഒന്നുമല്ലെന്നും ഏകദൈവം അല്ലാതെ ദൈവം ഇല്ലെന്നും നാം അറിയുന്നു.

1. നിസ്കുലനായ ദൈവം ത്രിയേകൻ, മൂന്ന്-ഒന്ന്—പിതാവ്, പുത്രൻ, ആത്മാവ്—ആണ്—മത്താ. 28:19.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു

സ്നാനപ്പെടുത്തിക്കൊണ്ടും,

2. *ത്രിയേക ദൈവം* പ്രധാനമായും ദൈവത്തെത്തന്നെ സൂചിപ്പിക്കുന്നു; *ദിവ്യ ത്രിത്വം* പ്രധാനമായും ദൈവം ത്രിയേകനായിരിക്കുന്നതിനെ സൂചിപ്പിക്കുന്നു, അത് ദൈവത്വത്തിന്റെ പ്രാഥമിക സദ്ഗുണമാണ്—വാ. 19; 2 കൊരി. 13:14; വെളി. 1:4-5.

| | |
|---|---|
| മത്താ. 28:19 | ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും, |
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |
| വെളി. 1:4 | യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും, |
| വെളി. 1:5 | വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും, |

B. ത്രിയേക ദൈവം—പിതാവ്, പുത്രൻ, ആത്മാവ്—പുത്രന്റെ ആരോഹണത്തിലും ആത്മാവിനെ പകരുന്നതിലും പൂർണമായും വ്യാപൃതനായിരുന്നു—പ്രവൃ. 2:32-36:

| | |
|---|---|
| പ്രവൃ. 2:32 | ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. |
| പ്രവൃ. 2:33 | അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു. |
| പ്രവൃ. 2:34 | ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല, എന്നാൽ അവൻ പറയുന്നു, |
| പ്രവൃ. 2:35 | “ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്ക് പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു.” |
| പ്രവൃ. 2:36 | അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ. |

1. പുത്രൻ ആരോഹണം ചെയ്തു, പിതാവ് അവനെ ഉയർത്തി, ആത്മാവ് പകരപ്പെട്ടു—ലൂക്കൊ. 24:51; ഫിലി. 2:9; പ്രവൃ. 1:9-11; 2:32-36.

| | |
|---|---|
| ലൂക്കൊ. 24:51 | അവൻ അവരെ അനുഗ്രഹിക്കുമ്പോൾ, അവരിൽ നിന്നു പിരിഞ്ഞു, സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. |
| ഫിലി. 2:9 | അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു, |
| പ്രവൃ. 1:9 | അവൻ ഈ കാര്യങ്ങൾ പറഞ്ഞശേഷം, അവർ നോക്കിക്കൊണ്ടിരിക്കേ, അവൻ മേലോട്ട് ഉയർത്തപ്പെടുകയും, ഒരു മേഘം അവനെ അവരുടെ കാഴ്ച്ചയിൽനിന്ന് എടുത്തുകൊണ്ട് പോകുകയും ചെയ്തു. |
| പ്രവൃ. 1:10 | അവൻ സ്വർഗത്തിലേക്കു പോകുന്നത് അവർ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ, ഇതാ വെള്ളവസ്ത്രം ധരിച്ച രണ്ട് മനുഷ്യർ അവരുടെ അടുക്കൽ നിന്ന്, |
| പ്രവൃ. 1:11 | ഗലീലാപുരുഷന്മാരേ, നിങ്ങൾ സ്വർഗത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഈ യേശു സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ, കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും എന്ന് പറഞ്ഞു. |
| പ്രവൃ. 2:32 | ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. |
| പ്രവൃ. 2:33 | അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു. |
| പ്രവൃ. 2:34 | ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല, എന്നാൽ അവൻ പറയുന്നു, |
| പ്രവൃ. 2:35 | "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്ക് പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു." |
| പ്രവൃ. 2:36 | അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ. |

2. പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ പരിണതിയെന്ന നിലയിൽ ആത്മാവിന്റെ പകർച്ചയിൽ പിതാവും പുത്രനും ആത്മാവും ഉൾപ്പെട്ടിരിക്കുന്നു—വാ. 33; യോഹ. 7:37-39; ഫിലി. 1:19.

| | |
|---|---|
| പ്രവൃ. 2:33 | അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു. |
| യോഹ. 7:37 | വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. |
| യോഹ. 7:38 | തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |

C. യേശുവിന്റെ ആത്മാവ് പരിശുദ്ധാത്മാവാണെന്ന് വെളിപ്പെടുത്തിക്കൊണ്ട്, പ്രവൃത്തികൾ 16:6-7-ൽ *പരിശുദ്ധാത്മാവും യേശുവിന്റെ ആത്മാവും* പരസ്പരം മാറ്റത്തക്കവിധം ഉപയോഗിച്ചിരിക്കുന്നു:

| | |
|---|---|
| പ്രവൃ. 16:6 | പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി. |
| പ്രവൃ. 16:7 | അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. |

1. പുതിയനിയമത്തിൽ ദൈവത്തിന്റെ ആത്മാവിനുള്ള പൊതുവായ ഒരു അഭിധാനമാണ് *പരിശുദ്ധാത്മാവ്*—പ്രവൃ. 9:17, 31.

| | |
|---|---|
| പ്രവൃ. 9:17 | അനന്യാസോ പുറപ്പെട്ടു പോയി ഭവനത്തിലേക്കു പ്രവേശിച്ചു, തന്റെ കൈ അവന്റെ മേൽ വച്ച്, ശൗലേ, സഹോദരാ, കർത്താവ്—നീ വരുന്ന വഴിയിൽ നിനക്ക് പ്രത്യക്ഷപ്പെട്ട യേശു—നിനക്ക് കാഴ്ച ലഭിക്കേണ്ടതിനും പരിശുദ്ധാത്മാവിനാൽ നിറയേണ്ടതിനും എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു. |
| പ്രവൃ. 9:31 | അങ്ങനെ യെഹൂദ്യയിലും ഗലീലയിലും ശമര്യയിലും |

എമ്പാടുമുള്ള സഭയ്ക്കു, കെട്ടുപണി ചെയ്യപ്പെട്ടുകൊണ്ട്, സമാധാനം ഉണ്ടായിരുന്നു; കർത്താവിന്റെ ഭയത്തിലും പരിശുദ്ധാത്മാവിന്റെ ആശ്വാസത്തിലും തുടർന്നുകൊണ്ട് പെരുകുകയും ചെയ്തു.

2. *യേശുവിന്റെ ആത്മാവ്* എന്നത് ദൈവത്തിന്റെ ആത്മാവിനെക്കുറിച്ചുള്ള ഒരു പ്രത്യേക പദപ്രയോഗമാണ്, അത് ജഡാവതാരമെടുത്ത രക്ഷകന്റെ ആത്മാവിനെ സൂചിപ്പിക്കുന്നു, അവൻ തന്റെ മനുഷ്യത്വത്തിൽ യേശുവെന്ന നിലയിൽ, മനുഷ്യജീവിതത്തിലൂടെയും ക്രൂശിലെ മരണത്തിലൂടെയും കടന്നുപോയി—16:7:

| | |
|---|---|
| പ്രവൃ. 16:7 | അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. |

   a. ഇത് സൂചിപ്പിക്കുന്നത് യേശുവിന്റെ ആത്മാവിൽ ദൈവത്തിന്റെ ദിവ്യ മൂലകം മാത്രമല്ല, യേശുവിന്റെ മനുഷ്യ മൂലകവും അവന്റെ മനുഷ്യജീവിതത്തിന്റെയും അവന്റെ മരണത്തിന്റെ കഷ്ടാനുഭവത്തിന്റെയും മൂലകങ്ങൾ ഉണ്ടെന്നാണ്—ഫിലി. 2:7-8.

| | |
|---|---|
| ഫിലി. 2:7 | തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്, |
| ഫിലി. 2:8 | വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. |

   b. തന്റെ ശുശ്രൂഷയിൽ അപ്പൊസ്തലനായ പൗലൊസിന് അത്തരമൊരു സർവവും ഉൾക്കൊള്ളുന്ന ആത്മാവ് ആവശ്യമായിരുന്നു.

3. ത്രിയേക ദൈവത്തെ ഉൾക്കൊള്ളുന്ന ഒരു പാത്രമെന്ന നിലയിൽ, കർത്താവിന്റെ ജഡാവതാരത്തിലും ജനനത്തിലും മുഴുകിയിരുന്ന പരിശുദ്ധാത്മാവിനാലും, കർത്താവിന്റെ മനുഷ്യത്തിലും, മനുഷ്യജീവിതത്തിലും, സർവവും ഉൾക്കൊള്ളുന്ന മരണത്തിലും, ജീവൻ പകരുന്ന പുനരുത്ഥാനത്തിലും, സ്വർഗ്ഗാരോഹണത്തിലും മുഴുകിയിരുന്ന യേശുവിന്റെ ആത്മാവിനാലും പൗലൊസ് പൂർണമായി സംരചിക്കപ്പെട്ടിരുന്നു—എഫെ. 3:14-17; ലൂക്കൊ. 1:35; പ്രവൃ. 2:32-36; ഫിലി. 1:19.

| | |
|---|---|
| എഫെ. 3:14 | ഇതു നിമിത്തം ഞാൻ സ്വർഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തെയും |
| എഫെ. 3:15 | നാമകരണം ചെയ്ത പിതാവിങ്കലേക്ക് മുട്ടുകുത്തുന്നു, |
| എഫെ. 3:16 | അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും, |
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്, |

| | |
|---|---|
| ലൂക്കൊ. 1:35 | ദൂതൻ അവളോട് ഉത്തരം പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; അതുകൊണ്ടുതന്നെ ജനിക്കുന്ന വിശുദ്ധമായത് ദൈവപുത്രൻ എന്നു വിളിക്കപ്പെടും. |
| പ്രവൃ. 2:32 | ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. |
| പ്രവൃ. 2:33 | അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു. |
| പ്രവൃ. 2:34 | ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല, എന്നാൽ അവൻ പറയുന്നു, |
| പ്രവൃ. 2:35 | "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്ക് പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു." |
| പ്രവൃ. 2:36 | അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ. |
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |

4. കർത്താവിനുവേണ്ടി നാം ചെയ്യുന്ന വേല എത്തരത്തിലുള്ള ആത്മാവിനാൽ നാം വഴിനടത്തപ്പെടുകയും, നയിക്കപ്പെടുകയും, നിർദ്ദേശിക്കപ്പെടുകയും, സംരചിക്കപ്പെടുകയും ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു; സർവവും ഉൾക്കൊള്ളുന്ന ആത്മാവ് നമ്മുടെ സംരചനയായിത്തീരുമ്പോൾ, നമ്മുടെ വേല ഈ ആത്മാവിന്റെ ആവിഷ്കാരമായിരിക്കും—പ്രവൃ. 16:6-7; റോമ. 8:9; ഫിലി. 1:19.

| | |
|---|---|
| പ്രവൃ. 16:6 | പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി. |
| പ്രവൃ. 16:7 | അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. |
| റോമ. 8:9 | എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല |

|  |  |
|---|---|
|  | ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല. |
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |

D. ദൈവം സഭയെ “തന്റെ സ്വന്തരക്തം മുഖാന്തരം” നേടി—പ്രവൃ. 20:28:

| | |
|---|---|
| പ്രവൃ. 20:28 | നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ. |

1. "തന്റെ സ്വന്തരക്തം" എന്ന വില കൊടുത്ത് ദൈവം സഭയെ വിലയ്ക്കു വാങ്ങി.
2. ജഡാവതാരത്തിലൂടെ സ്രഷ്ടാവും നിത്യനുമായ നമ്മുടെ ദൈവം മനുഷ്യനുമായി ഇഴുകിച്ചേർന്നു—യോഹ. 1:1, 14:

| | |
|---|---|
| യോഹ. 1:1 | ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. |
| യോഹ. 1:14 | വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു). |

   a. തൽഫലമായി, അവൻ ഇനി ദൈവം മാത്രമല്ല—രക്തമുള്ളവനും നമുക്കുവേണ്ടി മരിക്കാൻ കഴിവുള്ളവനുമായ ഒരു ദൈവമനുഷ്യനായിത്തീർന്നു—1 യോഹ. 1:7.

| | |
|---|---|
| 1 യോഹ. 1:7 | എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു. |

   b. ദൈവമനുഷ്യനായ കർത്താവായ യേശു ക്രൂശിൽ മരിച്ചപ്പോൾ, അവൻ മനുഷ്യനായി മാത്രമല്ല, ദൈവമായും മരിച്ചു.
3. അവൻ ചൊരിഞ്ഞ രക്തം മനുഷ്യനായ യേശുവിന്റെ രക്തം മാത്രമല്ല, ദൈവ-മനുഷ്യന്റെ രക്തവും ആയിരുന്നു.
4. അതുകൊണ്ട്, ദൈവം സഭയെ നേടിയ അവന്റെ രക്തം “അവന്റെ സ്വന്തരക്തം” ആണ്—പ്രവൃ. 20:28.

| | |
|---|---|
| പ്രവൃ. 20:28 | നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും |

സൂക്ഷിച്ചുകൊള്ളുവിൻ.

II. **പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ പ്രധാന വിഷയം ദൈവരാജ്യമാണ്—1:3; 8:12; 14:22; 19:8; 20:25; 28:23, 31:**

പ്രവൃ. 1:3 താൻ കഷ്ടം അനുഭവിച്ചതിനുശേഷം, നാൽപതു നാളോളം അവർക്ക് പ്രത്യക്ഷപ്പെട്ടും ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ സംസാരിച്ചും കൊണ്ട്, നിരവധി അനിഷേധ്യ തെളിവുകളാൽ അവനെത്തന്നെ ജീവനോടെ അവർക്ക് പ്രദർശിപ്പിച്ചു.

പ്രവൃ. 8:12 എന്നാൽ ദൈവരാജ്യത്തിന്റെയും യേശു ക്രിസ്തുവിന്റെ നാമത്തിന്റെയും സുവിശേഷം അറിയിച്ച ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും, സ്നാനപ്പെട്ടു.

പ്രവൃ. 14:22 വിശ്വാസത്തിൽ തുടരുവാൻ പ്രബോധിപ്പിച്ചും അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്നും പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിച്ചുപോന്നു.

പ്രവൃ. 19:8 പിന്നെ അവൻ സിനഗോഗിലേക്ക് പ്രവേശിക്കുകയും, ദൈവരാജ്യത്തെക്കുറിച്ചുള്ള കാര്യങ്ങളിൽ വാദിച്ചും പ്രേരിപ്പിച്ചുംകൊണ്ട്, മൂന്നു മാസം ധൈര്യത്തോടെ സംസാരിച്ചു.

പ്രവൃ. 20:25 ഇപ്പോൾ ഇതാ, രാജ്യത്തെ പ്രഖ്യാപിച്ചുകൊണ്ട് നിങ്ങളുടെ ഇടയിൽ കടന്നുപോയ എന്റെ മുഖം നിങ്ങൾ എല്ലാവരും മേലാൽ കാണുകയില്ല എന്ന് ഞാൻ അറിയുന്നു.

പ്രവൃ. 28:23 അവർ അവനുവേണ്ടി ഒരു ദിവസം നിശ്ചയിച്ചപ്പോൾ, അനേകർ അവന്റെ താമസസ്ഥലത്ത് അവന്റെ അടുക്കൽ വന്ന്, അവരോട് അവൻ രാവിലെ മുതൽ വൈകുന്നേരം വരെ, ദൈവരാജ്യത്തെക്കുറിച്ച് ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുകയും, മോശെയുടെ ന്യായപ്രമാണത്തിൽനിന്നും പ്രവാചകന്മാരിൽനിന്നും യേശുവിനെ സംബന്ധിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഈ വിഷയങ്ങളെ വിശദീകരിച്ചു കൊടുത്തു.

പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

A. പുനരുത്ഥാനം ചെയ്ത ക്രിസ്തു നാല്പതു ദിവസത്തെ കാലയളവിൽ അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് അവരോട് "ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ" സംസാരിച്ചു എന്ന വസ്തുത സൂചിപ്പിക്കുന്നത് പെന്തക്കോസ്തിന് ശേഷമുള്ള അവരുടെ നിയോഗത്തിൽ അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ പ്രധാന വിഷയം രാജ്യമായിരിക്കും എന്നാണ്—1:3.

പ്രവൃ. 1:3 താൻ കഷ്ടം അനുഭവിച്ചതിനുശേഷം, നാൽപതു നാളോളം അവർക്ക് പ്രത്യക്ഷപ്പെട്ടും ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ സംസാരിച്ചും കൊണ്ട്, നിരവധി അനിഷേധ്യ തെളിവുകളാൽ അവനെത്തന്നെ ജീവനോടെ അവർക്ക് പ്രദർശിപ്പിച്ചു.

B. പുതിയനിയമപ്രകാരം, ദൈവരാജ്യം ദൃശ്യവും ഭൗതികവുമായ ഒരു മണ്ഡലമല്ല; വാസ്തവത്തിൽ, ദൈവരാജ്യം ഒരു വ്യക്തിയാണ്, കർത്താവായ യേശു ക്രിസ്തു തന്നെ—ലൂക്കൊ. 17:20-21.

ലൂക്കൊ. 17:20 അനന്തരം ദൈവരാജ്യം എപ്പോൾ വരുന്നു എന്നു പരീശന്മാരാൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ, അവൻ അവരോട് ഉത്തരം പറഞ്ഞു, ദൈവരാജ്യം നിരീക്ഷണത്തോടെയല്ല വരുന്നത്;

ലൂക്കൊ. 17:21 ഇതാ, അത് ഇവിടെ! അല്ലെങ്കിൽ അവിടെ! എന്നും അവർ പറയുകയില്ല. എന്തെന്നാൽ ഇതാ, ദൈവരാജ്യം നിങ്ങളുടെ മധ്യേ ഉണ്ട്.

C. സഭകളും ദൈവരാജ്യവും ചേർന്നുപോകുന്നു; പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രചരണത്താൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സഭകളാണ് ഇന്ന് ഭൂമിയിലെ ദൈവരാജ്യം—പ്രവൃ. 14:22; 20:25:

പ്രവൃ. 14:22 വിശ്വാസത്തിൽ തുടരുവാൻ പ്രബോധിപ്പിച്ചും അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്നും പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിച്ചുപോന്നു.

പ്രവൃ. 20:25 ഇപ്പോൾ ഇതാ, രാജ്യത്തെ പ്രഖ്യാപിച്ചുകൊണ്ട് നിങ്ങളുടെ ഇടയിൽ കടന്നുപോയ എന്റെ മുഖം നിങ്ങൾ എല്ലാവരും മേലാൽ കാണുകയില്ല എന്ന് ഞാൻ അറിയുന്നു.

1. ആത്മാവിനാലും ശിഷ്യന്മാരിലൂടെയും തന്റെ ആരോഹണത്തിൽ അവനെത്തന്നെ പ്രചരിപ്പിക്കുന്ന പുനരുത്ഥാനം ചെയ്ത ക്രിസ്തുവാണ് ദൈവരാജ്യത്തിന്റെ യാഥാർഥ്യം; ദൈവരാജ്യം അവന്റെ വികാസമാണ്—1:8; 8:12:

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 8:12 എന്നാൽ ദൈവരാജ്യത്തിന്റെയും യേശു ക്രിസ്തുവിന്റെ നാമത്തിന്റെയും സുവിശേഷം അറിയിച്ച ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും, സ്നാനപ്പെട്ടു.

a. ദൈവരാജ്യത്തിന്റെ വിത്തായി തന്നെത്തന്നെ വിതയ്ക്കുവാൻ വന്ന ക്രിസ്തുവിന്റെ വികാസമാണ് സഭകൾ; ഇത് സുവിശേഷങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു—മർക്കൊ. 4:3, 26.

മർക്കൊ. 4:3 കേൾക്കുവിൻ! ഇതാ വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു.

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

b. സുവിശേഷങ്ങളിൽ ക്രിസ്തു രാജ്യത്തിന്റെ വിത്തായിരുന്നു; പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവരാജ്യമായ സഭകളെ ഉളവാക്കുന്നതിനുള്ള ഈ വിത്തിന്റെ വ്യാപനം നമുക്കുണ്ട്—8:1, 12; 13:1-4.

| | |
|---|---|
| പ്രവൃ. 8:1 | അവനെ കൊല്ലുന്നത് ശൗൽ അംഗീകരിച്ചിരുന്നു. ആ നാളിൽ യെരൂശലേമിലുള്ള സഭയ്ക്കെതിരെ വലിയൊരു ഉപദ്രവമുണ്ടായി; അപ്പൊസ്തലന്മാർ ഒഴികെ, എല്ലാവരും യെഹൂദ്യയുടെയും ശമര്യയുടെയും പ്രദേശങ്ങളിലെങ്ങും ചിതറിപ്പോയി. |
| പ്രവൃ. 8:12 | എന്നാൽ ദൈവരാജ്യത്തിന്റെയും യേശു ക്രിസ്തുവിന്റെ നാമത്തിന്റെയും സുവിശേഷം അറിയിച്ച ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും, സ്നാനപ്പെട്ടു. |
| പ്രവൃ. 13:1 | അന്ത്യൊക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു. |
| പ്രവൃ. 13:2 | അവർ കർത്താവിന് ശുശ്രൂഷിക്കുകയും ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. |
| പ്രവൃ. 13:3 | അപ്പോൾ, അവർ ഉപവസിച്ചു പ്രാർഥിക്കുകയും അവരുടെ മേൽ തങ്ങളുടെ കൈ വച്ചശേഷം അവരെ അയയ്ക്കുകയും ചെയ്തു. |
| പ്രവൃ. 13:4 | പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടിട്ട്, അവർ സെലൂക്യയിലേക്ക് ഇറങ്ങിപ്പോയി; അവിടെനിന്ന് അവർ കുപ്രൊസിലേക്ക് കപ്പൽ കയറി. |

2. സഭകളിലുള്ള നാം ക്രിസ്തുവിന്റെ പ്രചരണവും ക്രിസ്തുവിന്റെ വികാസവുമാണ്, ദൈവരാജ്യത്തെ നാം വികസിപ്പിച്ചുകൊണ്ടിരിക്കുന്നു—വെളി. 1:9, 11.

| | |
|---|---|
| വെളി. 1:9 | നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു. |
| വെളി. 1:11 | അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും |

ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

D. തന്റെ ജീവനിൽ ദൈവം വാഴുന്ന ഒരു മണ്ഡലം ഉളവാക്കുന്നതിന് തന്റെ വിശ്വാസികളിലേക്ക് ജീവനായി ക്രിസ്തു വ്യാപിപ്പിക്കുന്നതാണ് ദൈവരാജ്യം—2 പത്രൊ. 1:3-11:

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ്ണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 പത്രൊ. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ്ണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

2 പത്രൊ. 1:9 എന്തെന്നാൽ ഈ കാര്യങ്ങൾ ഉള്ളിൽ ഇല്ലാത്തവൻ, ഹ്രസ്വദൃഷ്ടിയുള്ളവനായി, തന്റെ പൂർവകാല പാപങ്ങളുടെ കഴുകൽ മറന്നുപോയ കുരുടനാകുന്നു.

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല.

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

1. ഈ രാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന്, ജനം അവരുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും സുവിശേഷത്തിൽ വിശ്വസിക്കുകയും വേണം, അങ്ങനെ അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും ഈ രാജ്യത്തിന്റെ ദിവ്യ സ്വഭാവവുമായി പൊരുത്തപ്പെടുന്ന ദിവ്യജീവൻ ലഭിക്കുന്നതിന് ദൈവത്താൽ വീണ്ടും ജനിപ്പിക്കുകയും ചെയ്യുന്നു—മർക്കൊ. 1:15; യോഹ. 3:3, 5.

മർക്കൊ. 1:15 പറഞ്ഞത്, കാലം നിവൃത്തിയായി, ദൈവരാജ്യം സമീപിച്ചുമിരിക്കുന്നു. മാനസാന്തരപ്പെട്ട്

സുവിശേഷത്തിൽ വിശ്വസിക്കുവിൻ.

| | |
|---|---|
| യോഹ. 3:3 | യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു. |
| യോഹ. 3:5 | യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല. |

2. ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികൾക്കും സഭായുഗത്തിൽ അവരുടെ ദൈവാസ്വാദനത്തിനായി നീതിയിലും സമാധാനത്തിലും പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിലും ദൈവരാജ്യത്തിൽ പങ്കുകൊള്ളുവാൻ കഴിയും—റോമ. 14:17.

| | |
|---|---|
| റോമ. 14:17 | എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ. |

3. ജയാളികളായ വിശ്വാസികൾ ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ട് വാഴേണ്ടതിന് വരുവാനുള്ള രാജ്യം അവകാശമാക്കുവാനും അതിൽ ആസ്വദിക്കുവാനും ദൈവരാജ്യം ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യമായിത്തീരും—1 കൊരി. 6:9-11; ഗലാ. 5:19-21; എഫെ. 5:5; വെളി. 20:4, 6.

| | |
|---|---|
| 1 കൊരി. 6:9 | അനീതിയുള്ളവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നില്ലയോ? തെറ്റിപ്പോകരുത്; പരസംഗക്കാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, ആണത്ത വിഹീനർ, സ്വവർഗഭോഗികൾ, |
| 1 കൊരി. 6:10 | കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപാനികൾ, അസഭ്യം പറയുന്നവർ, ദുർമോഹികൾ, ഇവരാരും തന്നെ ദൈവരാജ്യം അവകാശമാക്കുകയില്ല. |
| 1 കൊരി. 6:11 | നിങ്ങളിൽ ചിലർ ഈ വകക്കാരായിരുന്നു; എന്നാൽ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും, നിങ്ങൾ കഴുകപ്പെട്ടും വിശുദ്ധീകരിക്കപ്പെട്ടും നീതീകരിക്കപ്പെട്ടുമിരിക്കുന്നു. |
| ഗലാ. 5:19 | ജഡത്തിന്റെ പ്രവൃത്തികളോ, പരസംഗം, അശുദ്ധി, ദുഷ്കാമം, |
| ഗലാ. 5:20 | വിഗ്രഹാരാധന, ആഭിചാരം, ശത്രുത, പോര്, സ്പർധ, കോപത്തോടുകൂടിയ പൊട്ടിത്തെറി, പക്ഷങ്ങൾ, വിഭാഗങ്ങൾ, ഭിന്നതകൾ, |
| ഗലാ. 5:21 | അസൂയ, മദ്യപാനം, വെറിക്കൂത്ത്, മുതലായവ എന്ന് വെളിവാകുന്നു, ഈ വക പ്രവർത്തിക്കുന്നവർ |

ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുമ്പേ പറഞ്ഞതുപോലെ തന്നെ, ഇവയെക്കുറിച്ച് മുൻകൂട്ടി പറയുന്നു.

എഫെ. 5:5 — പരസംഗക്കാരനോ അശുദ്ധനോ അത്യാഗ്രഹിക്കോ (അവൻ വിഗ്രഹാരാധി ആകുന്നു) ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ ഒരവകാശവും ഇല്ലെന്ന് അറിഞ്ഞ് നിങ്ങൾ തിരിച്ചറിവുള്ളവരാകുവിൻ.

വെളി. 20:4 — പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

വെളി. 20:6 — ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല, അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും.

4. നിത്യരാജ്യമെന്ന നിലയിൽ, ദൈവരാജ്യം ദൈവത്താൽ വീണ്ടെടുക്കപ്പെട്ട എല്ലാവർക്കും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നിത്യയോളം ആസ്വദിക്കുന്നതിനായി ദൈവത്തിന്റെ നിത്യജീവന്റെ നിത്യാനുഗ്രഹമായിരിക്കും—21:1-4; 22:1-5, 14, 17.

വെളി. 21:1 — പിന്നെ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും നീങ്ങിപ്പോയി, സമുദ്രവും ഇനി ഇല്ല.

വെളി. 21:2 — പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:3 — സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും.

| | |
|---|---|
| വെളി. 21:4 | അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും; ഇനി മരണം ഉണ്ടാകയില്ല, ദുഃഖവും കരച്ചിലും വേദനയും ഇനി ഉണ്ടാകയില്ല; മുമ്പത്തെ കാര്യങ്ങൾ നീങ്ങിപ്പോയി. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |
| വെളി. 22:2 | നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു. |
| വെളി. 22:3 | ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും; |
| വെളി. 22:4 | അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ നെറ്റിമേൽ ഉണ്ടായിരിക്കും. |
| വെളി. 22:5 | ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും. |
| വെളി. 22:14 | ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ. |
| വെളി. 22:17 | വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ. |

E. പ്രവൃത്തികൾ 14:22-ൽ, വിശ്വാസത്തിൽ തുടരുന്ന വിശ്വാസികളോട് അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്ന് പൗലൊസ് പ്രബോധിപ്പിച്ചു; കാരണം, മുഴു ലോകവും നമ്മുടെ പ്രവേശനത്തെ എതിർക്കുന്നു; ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുക എന്നാൽ രാജ്യമെന്ന നിലയിൽ ക്രിസ്തുവിന്റെ പൂർണ്ണാസ്വാദനത്തിലേക്ക് പ്രവേശിക്കുക എന്നാണ്.

| | |
|---|---|
| പ്രവൃ. 14:22 | വിശ്വാസത്തിൽ തുടരുവാൻ പ്രബോധിപ്പിച്ചും അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്നും പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിച്ചുപോന്നു. |

F. പ്രവൃത്തികൾ 19-ൽ, ദൈവം തന്റെ രാജ്യം ഭൂമിയിൽ വ്യാപിപ്പിക്കുന്നതിനെതിരെ സാത്താൻ പോരാടുന്നതായി നാം കാണുന്നു; ക്രിസ്തുവിന്റെ പ്രചരണത്തിനായുള്ള പ്രബലമായ ശുശ്രൂഷ ദൈവരാജ്യത്തിനായുള്ള ഒരു പോരാട്ടം, ഒരു യുദ്ധമാണ്—വാ. 23-41.

Acts 19 be omitted.

പ്രവൃ. 19:23 ഏകദേശം ആ സമയം ഈ മാർഗത്തെ സംബന്ധിച്ച് അൽപമല്ലാത്ത അസ്വസ്ഥത ഉണ്ടായി.

പ്രവൃ. 19:24 എന്തെന്നാൽ വെള്ളികൊണ്ട് അർത്തെമിസിന്റെ ക്ഷേത്രങ്ങൾ പണിയുന്ന ദെമേത്രിയൊസ് എന്നു പേരുള്ള വെള്ളിപ്പണിക്കാരനായ ഒരു മനുഷ്യൻ, ശിൽപ്പികൾക്ക് അൽപമല്ലാത്ത വ്യാപാരം നൽകിയിരുന്നു.

പ്രവൃ. 19:25 സാമ്യമുള്ള തൊഴിലുകളിലേർപ്പെട്ടിരുന്ന മറ്റു പണിക്കാരോടുകൂടെ ഇവരെ അവൻ കൂട്ടിവരുത്തിയിട്ട് പറഞ്ഞു, പുരുഷന്മാരേ, ഈ വ്യാപാരത്തിൽ നിന്നാകുന്നു നമ്മുടെ അഭിവൃദ്ധി എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

പ്രവൃ. 19:26 കൈകളാൽ നിർമിക്കപ്പെട്ട ദേവന്മാർ ദേവന്മാരല്ല എന്നു പറഞ്ഞു കൊണ്ട്, എഫെസൊസിൽ വച്ച് മാത്രമല്ല മിക്കവാറും ആസ്യയിലൊക്കെയും ഈ പൗലൊസ്, ഗണ്യമായ കൂട്ടത്തെ പ്രേരിപ്പിച്ച് വികടിപ്പിച്ചിരിക്കുന്നു എന്ന് നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നുവല്ലോ.

പ്രവൃ. 19:27 നമ്മുടെ തൊഴിൽ അപകീർത്തിയിലേക്കു വരുമെന്ന അപകടമുണ്ടെന്നു മാത്രമല്ല, അർത്തെമിസ് മഹാദേവിയുടെ ക്ഷേത്രം ഒന്നുമല്ലാത്തതായി എണ്ണപ്പെടുകയും മുഴുവൻ ആസ്യയിലും ആൾപ്പാർപ്പുള്ള ഭൂമിയിലും ആരാധിക്കപ്പെടുന്നവളുടെ പ്രതാപം ഇല്ലാതാക്കപ്പെടുകയും ചെയ്യും.

പ്രവൃ. 19:28 അവർ ഇത് കേട്ടപ്പോൾ രോഷം നിറഞ്ഞവരായി, എഫെസ്യരുടെ അർത്തെമെസ് വലിയവൾ! എന്നു പറഞ്ഞുകൊണ്ട് ആർക്കുവാൻ തുടങ്ങി.

പ്രവൃ. 19:29 പട്ടണം കലക്കത്താൽ നിറഞ്ഞു; അവർ പൗലൊസിന്റെ യാത്രാ കൂട്ടാളികളായ, മക്കെദോന്യക്കാരായ ഗായൊസിനെയും അരിസ്തർഹൊസിനെയും പിടികൂടി ഒരുമനസ്സോടെ രംഗസ്ഥലത്തേക്ക് പാഞ്ഞു.

പ്രവൃ. 19:30 പൗലൊസ് ജനസമൂഹത്തിലേക്ക് പ്രവേശിക്കുവാൻ ഉദ്ദേശിച്ചപ്പോൾ, ശിഷ്യന്മാർ അവനെ അനുവദിച്ചില്ല.

പ്രവൃ. 19:31 അവന്റെ സ്നേഹിതന്മാരായിരുന്ന ആസ്യാധിപന്മാരിൽ ചിലരും, അവന്റെ അടുക്കൽ ആളയച്ച് രംഗസ്ഥലത്തേക്ക് തുനിഞ്ഞിറങ്ങാതിരിക്കുവാൻ അഭ്യർഥിച്ചു.

പ്രവൃ. 19:32 അങ്ങനെ ചിലർ ഒരു കാര്യവും, ചിലർ മറ്റൊരു കാര്യവും പറഞ്ഞ് ആർക്കുകയായിരുന്നു; എന്തെന്നാൽ ജനക്കൂട്ടം കലക്കത്തിലായിരുന്നു, അവർ എന്തിനു കൂടിവന്നു എന്ന് ഭൂരിപക്ഷവും അറിഞ്ഞിരുന്നില്ല.

പ്രവൃ. 19:33 യെഹൂദന്മാർ അലെക്സന്തരിനെ മുമ്പോട്ട് ഉന്തിക്കൊണ്ടുവന്നപ്പോൾ അവർ അവനെ പുരുഷാരത്തിൽനിന്ന് വലിച്ചു പുറത്തിട്ടു; അലെക്സന്തർ

കൈകൊണ്ട് ആംഗ്യം കാട്ടി, ജനസമൂഹത്തോട് പ്രതിവാദം നടത്തുവാൻ ഇച്ഛിച്ചു.

പ്രവൃ. 19:34 എന്നാൽ അവൻ ഒരു യെഹൂദൻ ആകുന്നു എന്ന് അവർ തിരിച്ചറിഞ്ഞപ്പോൾ, ഏകദേശം രണ്ടു മണിക്കൂറോളം എഫെസ്യരുടെ അർത്തെമിസ് വലിയവൾ! എന്നു നിലവിളിച്ചുകൊണ്ട് എല്ലാവരിൽ നിന്നും ഏക ശബ്ദം ഉയർന്നു.

പ്രവൃ. 19:35 പുരുഷാരത്തെ നിശ്ശബ്ദരാക്കിയിട്ട് നഗരപാലകൻ പറഞ്ഞു, എഫെസ്യ പുരുഷന്മാരേ, എഫെസ്യരുടെ പട്ടണം മഹതിയായ അർത്തെമിസിന്റെയും സിയോസിൽനിന്നു വീണ ബിംബത്തിന്റെയും ക്ഷേത്രപാലക ആകുന്നു എന്ന് നിങ്ങൾ പുരുഷന്മാരിൽ അറിയാത്ത ആരുണ്ട്?

പ്രവൃ. 19:36 അതുകൊണ്ട് ഈ കാര്യങ്ങൾ തർക്കമറ്റതാകയാൽ നിങ്ങൾ നിശ്ശബ്ദരായിരിക്കുകയും വീണ്ടുവിചാരമില്ലാതെ ഒന്നും ചെയ്യാതിരിക്കുകയും വേണം;

പ്രവൃ. 19:37 എന്തെന്നാൽ നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ പുരുഷന്മാർ ക്ഷേത്രക്കൊള്ളക്കാരോ നമ്മുടെ ദേവിയെ ദുഷിക്കുന്നവരോ അല്ല.

പ്രവൃ. 19:38 അതുകൊണ്ട് ദെമേത്രിയൊസിനും അവനോടുകൂടെയുള്ള ശിൽപികൾക്കും ആർക്കെങ്കിലും എതിരെ വിഷയം ഉണ്ടെങ്കിൽ, കോടതികൾ നടത്തപ്പെടുന്നുണ്ട്, ദേശാധിപതികളും ഉണ്ട്; അവർ അന്യോന്യം ആരോപണങ്ങൾ കൊണ്ടുവരട്ടെ.

പ്രവൃ. 19:39 എന്നാൽ നിങ്ങൾ ഇതിനപ്പുറമായി എന്തെങ്കിലും അന്വേഷിക്കുന്നു എങ്കിൽ അത് ന്യായസഭയിൽ തീർപ്പാക്കണം.

പ്രവൃ. 19:40 ഇന്നത്തെ സംഭവത്തിന് ഒരു കാരണവും ഇല്ലാത്തതിനാൽ, തീർച്ചയായും നാം കലാപത്തിനു കുറ്റം ചുമത്തപ്പെടുവാനുള്ള ആപത്തിലാണ്; ഇതിനോടുള്ള ബന്ധത്തിൽ ഈ ക്രമരഹിതമായ ഒത്തുചേരലിനെ സംബന്ധിച്ച് നമുക്ക് കണക്കു കൊടുക്കുവാൻ കഴിയുകയില്ല.

പ്രവൃ. 19:41 ഈ കാര്യങ്ങൾ പറഞ്ഞശേഷം അവൻ ജനക്കൂട്ടത്തെ പിരിച്ചുവിട്ടു.

G. 28:31-ൽ പൗലൊസ് ദൈവരാജ്യം പ്രഖ്യാപിച്ചത് പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രചരണമായിരുന്നു:

പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

1. *കർത്താവായ യേശു ക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങൾ ഉപദേശിക്കുന്നു* എന്ന വാക്കുകൾ അവ ദൈവരാജ്യവുമായി ചേർന്നുപോകുന്നു എന്ന് തെളിയിക്കുന്നു— വാ. 31, 23.

   പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം

| | |
|---|---|
| | ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. |
| പ്രവൃ. 28:23 | അവർ അവനുവേണ്ടി ഒരു ദിവസം നിശ്ചയിച്ചപ്പോൾ, അനേകർ അവന്റെ താമസസ്ഥലത്ത് അവന്റെ അടുക്കൽ വന്ന്, അവരോട് അവൻ രാവിലെ മുതൽ വൈകുന്നേരം വരെ, ദൈവരാജ്യത്തെക്കുറിച്ച് ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുകയും, മോശെയുടെ ന്യായപ്രമാണത്തിൽനിന്നും പ്രവാചകന്മാരിൽനിന്നും യേശുവിനെ സംബന്ധിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഈ വിഷയങ്ങളെ വിശദീകരിച്ചു കൊടുത്തു. |

2. ക്രിസ്തുവിനെക്കുറിച്ച് പഠിപ്പിക്കുന്നത് ദൈവരാജ്യം പ്രചരിപ്പിക്കുന്നതാണ്; അതിനാൽ, ദൈവരാജ്യം യഥാർഥത്തിൽ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രചരണമാണ്—അത് ഇന്നും വിശ്വാസികളിലൂടെ നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രക്രിയയാണ്—വാ. 31.

| | |
|---|---|
| പ്രവൃ. 28:31 | സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. |

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

**അനേകം കഷ്ടതകളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു**

*ദിവ്യജീവന്റെ ഒരു രാജ്യം*

പ്രവൃത്തികൾ 14:22-ൽ പൗലൊസും ബർന്നബാസും ശിഷ്യന്മാരോട് "അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം" എന്ന് പറഞ്ഞതായി നാം കാണുന്നു. ദൈവരാജ്യം എന്നത്, ദൈവത്തിന് രാജാവായി ആളുകളെ ഭരിക്കുവാൻ കഴിയുന്ന ഒരു മണ്ഡലം മാത്രമാണെന്ന് അനേകരം കരുതുന്നു. ഈ ധാരണയനുസരിച്ച്, ദൈവരാജ്യം ദൈവം തന്റെ ജനത്തെ ഭരിക്കുന്ന ഒരു മണ്ഡലം മാത്രമാണ്. ഈ ധാരണ തെറ്റാണെന്ന് ഞാൻ പറയുന്നില്ല, എന്നാൽ അത് ഉപരിപ്ലവവും സ്വാഭാവികവുമാണ്.

പ്രവൃത്തികളിൽ (8:12; 19:8; 20:25; 28:23, 31) അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ ഒരു പ്രധാന വിഷയമായിരുന്നു ദൈവരാജ്യം. മനുഷ്യർക്ക് ദൃശ്യമാകുന്ന ഒരു ഭൗതിക രാജ്യമല്ല, പിന്നെയോ ഇത് ഒരു ദിവ്യ ജീവന്റെ രാജ്യമാണ്. ഇത് ദൈവം തന്റെ ജീവനിൽ ഭരിക്കുന്ന ഒരു മണ്ഡലം രൂപപ്പെടുത്തുന്നതിനായി ക്രിസ്തുവിനെ തന്റെ വിശ്വാസികൾക്ക് ജീവനായി വ്യാപിപ്പിക്കുന്നതാണ്.

*വിശ്വാസികളിലേക്ക് വിതയ്ക്കപ്പെട്ട ജീവന്റെ വിത്തായി ക്രിസ്തു.*

*മർക്കൊസിന്റെ ജീവ-പഠനത്തിൽ,* ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ തന്റെ വിശ്വാസികളിലേക്ക് വിതയ്ക്കപ്പെട്ട ജീവവിത്തെന്ന നിലയിൽ (മർക്കൊ. 4:3, 26), ദൈവരാജ്യം രക്ഷകൻ തന്നെയാണെന്നും (ലൂക്കൊ. 17:21), ദൈവം തന്റെ ദിവ്യജീവനിൽ, തന്റെ രാജ്യമായി ഭരിക്കുവാൻ കഴിയുന്ന ഒരു മണ്ഡലമായി വികസിക്കുന്നു എന്നും നാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ പ്രവേശനം വീണ്ടുംജനനമാണ് (യോഹ. 3:5), അതിന്റെ വികസനം വിശ്വാസികൾ ദിവ്യജീവനിൽ

വളരുന്നതാണ് (2 പത്രൊ. 1:3-11). ഇത് വിശ്വസ്തരായ വിശ്വാസികൾ ജീവിക്കുന്ന ഇന്നത്തെ സഭാജീവിതമാണ് (റോമ. 14:17), ഇത് സഹസ്രാബ്ദത്തിലെ ജയാളികളായ വിശുദ്ധന്മാർക്ക് (വെളി. 20:4, 6) അവകാശ പ്രതിഫലമായി, വരുവാനിരിക്കുന്ന രാജ്യമായി വികസിക്കുകയും ചെയ്യും (ഗലാ. 5:21; എഫെ. 5:5). ഒടുവിൽ, അത് ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട എല്ലാവർക്കും നിത്യതയിലുടനീളം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ആസ്വദിക്കുവാൻ കഴിയുന്ന ദൈവത്തിന്റെ നിത്യജീവന്റെ നിത്യാനുഗ്രഹത്തിന്റെ ഒരു നിത്യ മണ്ഡലമായ പുതിയ യെരൂശലേമിൽ ദൈവത്തിന്റെ നിത്യരാജ്യമായി പരിണമിക്കും (21:1-4; 22:1-5, 14).

പ്രവൃത്തികൾ 14:22-ൽ, വിശ്വാസത്തിൽ തുടരുന്ന വിശ്വാസികളോട്, അനേകം കഷ്ടതകളിലൂടെ നാം ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്ന് പൗലൊസ് ഉദ്ബോധിപ്പിച്ചു. ദൈവജനം അവന്റെ ഭരണത്തിൻ കീഴിലുള്ള ഒരു മേഖല മാത്രമായി പൗലൊസ് ദൈവരാജ്യത്തെ കണക്കാക്കിയെന്നും, ഈ മണ്ഡലത്തിൽ പ്രവേശിക്കുവാൻ നാം കഷ്ടതയിലൂടെ കടന്നുപോകണമെന്നും നിങ്ങൾ കരുതുന്നുണ്ടോ? ദൈവരാജ്യം ദൈവം തന്റെ ജനത്തെ ഭരിക്കുന്ന ഒരു മേഖലയാണെന്ന് പൗലൊസിന് തോന്നിയിരുന്നിരിക്കാം, എന്നാൽ ദൈവരാജ്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രധാന ചിന്ത ഇതായിരുന്നില്ല. പൗലൊസ് അൽപ്പം മുന്നേറിയ ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുകയായിരുന്നുവെന്ന് നാം ഓർമ്മിക്കേണ്ടതുണ്ട്. അവർ ദൈവകൃപയിൽ മാത്രമല്ല, വിശ്വാസത്തിലും തുടർന്നു. വിശ്വാസത്തിൽ തുടരുവാനുള്ള ചുമതല കൃപയിൽ തുടരുന്നതിനേക്കാൾ ആഴമേറിയതും ഉന്നതവുമാണ്. അതിനാൽ, 14:22-ൽ പൗലൊസ് ഉദ്ബോധിപ്പിച്ചവർ ദൈവിക കാര്യങ്ങളിൽ അൽപ്പം പഠിച്ചവരായിരുന്നു. അവർ വളരെയധികം കഷ്ടതകളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്ന് അവരോട് പറയുമ്പോൾ, ദൈവം രാജാവായി ഭരിക്കുന്ന ഒരു വസ്തുനിഷ്ഠമായ മണ്ഡലത്തേക്കാൾ അധികമായി പൗലൊസ് തീർച്ചയായും രാജ്യത്തെ കണക്കാക്കി.

അപ്പോൾ, ദൈവരാജ്യത്തെക്കുറിച്ചുള്ള പൗലൊസിന്റെ പ്രധാന ചിന്ത എന്തായിരുന്നു? ഇത് നമുക്ക് അറിയണമെങ്കിൽ, പുതിയനിയമപ്രകാരം ദൈവരാജ്യം ദൃശ്യവും ഭൗതികവുമായ ഒരു മണ്ഡലമല്ലെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. യഥാർഥത്തിൽ, ദൈവരാജ്യം ഒരു വ്യക്തിയാണ്, കർത്താവായ യേശുക്രിസ്തു തന്നെയാണ്. രാജ്യത്തെക്കുറിച്ച് പരീശന്മാർ അദ്ദേഹത്തോട് ചോദ്യം ചോദിച്ചപ്പോൾ, "അവൻ അവരോട് ഉത്തരം പറഞ്ഞു, ദൈവരാജ്യം നിരീക്ഷണത്തോടെയല്ല വരുന്നത്; ഇതാ, അത് ഇവിടെ! അല്ലെങ്കിൽ അവിടെ! എന്നും അവർ പറയുകയില്ല. എന്തെന്നാൽ ഇതാ, ദൈവരാജ്യം നിങ്ങളുടെ മധ്യേ ഉണ്ട്." (ലൂക്കൊ. 17:20-21). സന്ദർഭം തെളിയിക്കുന്നതുപോലെ, ദൈവരാജ്യം പരീശന്മാരുടെ മധ്യത്തിലായിരുന്ന രക്ഷകൻ തന്നെയാണ്. രക്ഷകൻ എവിടെയുണ്ടായിരുന്നുവോ അവിടെ ദൈവരാജ്യമുണ്ടായിരുന്നു. രാജ്യം പരീശന്മാരുടെ മധ്യത്തിലായിരുന്നുവെന്ന് അവന് പറയുവാൻ കഴിഞ്ഞത് ഇതതിനാലാണ്. ലൂക്കൊസ് 17:20-ലെ കർത്താവിന്റെ വചനം സൂചിപ്പിക്കുന്നത് പോലെ, ഈ രാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്; അതായത്, അത് ആത്മീയമാണ്, ഭൗതികവും ദൃശ്യവുമല്ല.

നാല് സുവിശേഷങ്ങളിൽ കർത്താവായ യേശു തന്റെ ശിഷ്യന്മാരിൽ രാജ്യത്തിന്റെ വിത്ത് വിതച്ചു. ഈ രാജ്യ-വിത്തിന്റെ വികസനം പ്രവൃത്തികളിൽ ആരംഭിച്ച് എല്ലാ ലേഖനങ്ങളിലും തുടരുന്നു. വിളവെടുപ്പ് പുസ്തകത്തിൽ ഈ വികസനം അതിന്റെ പൂർത്തീകരണത്തിലെത്തുന്നു. കർത്താവിന്റെ വചനവും പൗലൊസിന്റെ ധാരണയും അനുസരിച്ച്, ദൈവരാജ്യം ഒരു ഭൗതിക മണ്ഡലമല്ല. മറിച്ച്, രാജ്യം ആത്മീയവും, ദിവ്യവും, വ്യക്തിനിഷ്ഠവുമാണ്. തന്റെ തിരഞ്ഞെടുക്കപ്പെട്ട

ജനങ്ങളുടെ ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ട വിത്തായ ക്രിസ്തുവാണ് രാജ്യം. രാജ്യ വിത്ത് വിതയ്ക്കപ്പെടുന്നതും ഈ വിത്ത് വികസിക്കുന്നതും മണ്ണായ നമ്മുടെ ഹൃദയങ്ങളിലാണ്. നാം ചൂണ്ടിക്കാണിച്ചതുപോലെ, രാജ്യത്തിന്റെ വിത്ത് സുവിശേഷങ്ങളിൽ വിതയ്ക്കപ്പെടുന്നു, പ്രവൃത്തികളിലും ലേഖനങ്ങളിലും അത് വികസിക്കുന്നു, അത് വെളിപാടിലെ വിളവെടുപ്പോടെ പരിണതി പ്രാപിക്കുന്നു. ഇതാണ് ദൈവരാജ്യത്തിന്റെ ശരിയായ നിർവചനം.

*ദൈവരാജ്യമെന്ന നിലയിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിലേക്ക് പ്രവേശിക്കുന്നു*

ദൈവരാജ്യം എന്നത് നമ്മിൽ വിതയ്ക്കപ്പെടുന്നതും, വികസിക്കുന്നതും, വിളവെടുപ്പിൽ പരിണതി പ്രാപിക്കപ്പെടുന്നതുമായ വിത്തായ ക്രിസ്തുവാണെന്ന് നാം കണ്ടുകഴിഞ്ഞതിനാൽ, രാജ്യത്തിൽ പ്രവേശിക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് നാം ചോദിക്കേണ്ടതുണ്ട്. ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്നാൽ രാജ്യമായ ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിലേക്ക് പ്രവേശിക്കുക എന്നാണ്. എന്നിരുന്നാലും, ക്രിസ്തുവിനെ രാജ്യമായി ആസ്വദിക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് നമുക്ക് മനസ്സിലാകണമെന്നില്ല. ദൈവജനം ക്രിസ്തുവിനെ രാജ്യമായി ആസ്വദിക്കുന്നതിനെ ലോകം മുഴുവൻ എതിർക്കുന്നു. ഉദാഹരണത്തിന്, വിശ്വാസികളെ ഈ ആസ്വാദനത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയുന്നതിനായി സാത്താൻ യെഹൂദമതത്തെ കയ്യേറുകയും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. നൂറ്റാണ്ടുകളിലുടനീളം, ദൈവരാജ്യമായ സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിലേക്ക് ദൈവജനം പ്രവേശിക്കുന്നതിനെ തടയുവാൻ ദൈവത്തിന്റെ ശത്രു മതത്തിന്റെ മറ്റ് രൂപങ്ങളായ കത്തോലിക്കാ മതം, പ്രൊട്ടസ്റ്റന്റ് മതം, ഇസ്ലാം എന്നിവ ഉപയോഗിച്ചുവരുന്നു.

നാല്പതു ദിവസത്തെ കാലയളവിൽ, പുണരുത്ഥാനം ചെയ്ത ക്രിസ്തു അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷപ്പെടുകയും അവരോട് “ദൈവരാജ്യത്തെക്കുറിച്ചുള്ള കാര്യങ്ങൾ” സംസാരിക്കുകയും ചെയ്തുവെന്ന് പ്രവൃത്തികൾ 1:3 നമ്മോട് പറയുന്നു. പത്രൊസും നൂറ്റിയിരുപതു പേരും കർത്താവിന്റെ അടുക്കൽ കൊണ്ടുവരപ്പെട്ടു, അവരുടെ ജീവനും ജീവിതത്തിനും നിലനിൽപ്പിനും ആവശ്യമായ ആത്മാവിനെ അവർ സ്വീകരിച്ചു. അവർ യഥാർത്ഥത്തിൽ യേശുക്രിസ്തുവിന്റെ അനുയായികളായിരുന്നു. എന്നിരുന്നാലും, പ്രവൃത്തികൾ ഒന്നാം അധ്യായത്തിൽ, ദൈവത്തിന്റെ ഭരണ മണ്ഡലമെന്ന നിലയിൽ, ദൈവരാജ്യമെന്ന നിലയിൽ, ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിലേക്ക് അവർ ഇതുവരെ പ്രവേശിച്ചിരുന്നില്ല. ദൈവരാജ്യമെന്ന നിലയിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിന്റെ മണ്ഡലത്തിലേക്ക് അവർ പ്രവേശിക്കേണ്ടത് ഇപ്പോഴും ആവശ്യമായിരുന്നു. പെന്തെക്കൊസ്ത് നാളിൽ പത്രൊസും മറ്റുള്ളവരും തീർച്ചയായും ഈ മണ്ഡലത്തിലേക്ക് പ്രവേശിച്ചു — ദൈവം തന്റെ ജനത്തെ ഭരിക്കുന്ന മണ്ഡലമെന്ന നിലയിൽ പുണരുത്ഥാനം ചെയ്ത, ആരോഹണം ചെയ്ത ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിന്റെ മണ്ഡലത്തിലേക്ക്. പ്രവൃത്തികൾ 2-ൽ പത്രൊസ് സുവിശേഷം പ്രസംഗിക്കുമ്പോൾ, അവനോടും മറ്റ് അപ്പൊസ്തലന്മാരോടുമൊപ്പം ദൈവരാജ്യത്തിന്റെ ഒരു ചിത്രം നാം കാണുന്നു. പ്രവൃത്തികൾ 2-ൽ നൂറ്റിയിരുപത് പേരും ദൈവത്തിന്റെ ഭരണ മണ്ഡലമെന്ന നിലയിൽ പുണരുത്ഥാനം ചെയ്ത് ആരോഹണം ചെയ്ത ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിലായിരുന്നു. അത്തരമൊരു മണ്ഡലമാണ് ദൈവരാജ്യം.

ദൈവരാജ്യമെന്ന നിലയിൽ ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിലേക്ക് വിശ്വാസികൾ പ്രവേശിച്ചതിനു തൊട്ടുപിന്നാലെ, യെഹൂദമതം ഈ ആസ്വാദനത്തെ

തടസ്സപ്പെടുത്തുവാൻ വന്നു. 3, 4, 5 അധ്യായങ്ങളിൽ, പത്രൊസും യോഹന്നാനും മറ്റ് വിശ്വാസികളും ചില ബലഹീനതകൾ കാണിച്ചിരുന്നെങ്കിൽ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനം അവർക്ക് നഷ്ടപ്പെടുമായിരുന്നു, അതിന്റെ ഫലമായി അവർക്ക് ദൈവരാജ്യം നഷ്ടമാകുമായിരുന്നു.

ദൈവരാജ്യത്തെക്കുറിച്ച് നാം കണ്ടതിന്റെ വെളിച്ചത്തിൽ, ഇപ്പോൾ പ്രവൃത്തികൾ 14-ലേക്ക് തിരികെ വന്ന്, പൗലൊസ് ഉദ്ബോധിപ്പിച്ച ശിഷ്യന്മാർ ദൈവരാജ്യമെന്ന നിലയിൽ ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിന്റെ മണ്ഡലത്തിലേക്ക് പ്രവേശിച്ചുവോ എന്ന് നമുക്ക് ചോദിക്കാം. ഇല്ല, ആ വിശ്വാസികൾ ഇതുവരെ ആ ആസ്വാദനത്തിലേക്ക് പ്രവേശിച്ചിട്ടില്ല; അവർ ഇപ്പോഴും അതിന്റെ പാതയിലായിരുന്നു. അതിനാൽ, ദൈവരാജ്യമെന്ന നിലയിൽ പുണരുത്ഥാനം ചെയ്ത, ആരോഹണം ചെയ്ത ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിന്റെ മണ്ഡലത്തിലേക്ക് പ്രവേശിക്കുവാൻ പൗലൊസ് അവരോട് കൽപ്പിച്ചു. ഇവിടെ അവൻ ഇപ്രകാരം പറയുന്നതായി തോന്നി, “പുണരുത്ഥാനം ചെയ്ത ക്രിസ്തുവിനെ വിശുദ്ധവും വിശ്വാസ യോഗ്യവുമായ കാര്യങ്ങളായും, ദൈവത്തിന്റെ കൃപയായും, നിത്യജീവനായും, സർവവും ഉൾക്കൊള്ളുന്ന ജീവൻ നൽകുന്ന ആത്മാവായും ഞാൻ നിങ്ങളോട് പ്രസംഗിച്ചു. കൃപയുടെയും നിത്യജീവന്റെയും ആത്മാവിന്റെയും പൂർണ്ണ ആസ്വാദനം ഒരു മണ്ഡലമാണ്, ഈ മണ്ഡലം ദൈവത്തിന്റെ രാജ്യമാണ്. നിങ്ങൾ ഇതുവരെ ഈ മണ്ഡലത്തിൽ പ്രവേശിച്ചിട്ടില്ല — നിങ്ങൾ അതിന്റെ പാതയിലാണ്. അതിനാൽ, നിരവധി കഷ്ടതകളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. നിങ്ങൾ എതിർപ്പ് പ്രതീക്ഷിക്കുകയും അതിനായി തയ്യാറാകുകയും വേണം. നിങ്ങൾ വളരെയധികം കഷ്ടത നേരിടേണ്ടിവരും. എന്നാൽ ഈ കഷ്ടതകളിലൂടെയെല്ലാം ദൈവരാജ്യമെന്ന നിലയിൽ പുണരുത്ഥാനം ചെയ്ത ആരോഹണം ചെയ്ത ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനത്തിന്റെ മണ്ഡലത്തിലേക്ക് പ്രവേശിക്കുവാൻ നിങ്ങൾ ശ്രമിക്കണം. അത്തരമൊരു ക്രിസ്തുവിന്റെ ആസ്വാദനം നിങ്ങൾക്ക് ലഭിക്കുമ്പോൾ, നിങ്ങൾ ദിവ്യഭരണത്തിൻ കീഴിലായിരിക്കും. അപ്പോൾ നിങ്ങൾ ദൈവരാജ്യമായിത്തീരും, അതാണ് ശരിയായ സഭാജീവിതം.” (Life-study of Acts, pp. 335-339)